**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4486 21.03.2018-ൽ മറുപടിക്ക്**

**<u>റീജിണൽ കാൻസർ സെന്റർ</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.വിൻസന്റ്** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 2017-18 സാമ്പത്തിക വർഷം റീജിണൽ കാൻസർ സെന്ററിനായി (ആർ.സി.സി) വകയിരുത്തിയ തുകയുടെ എത്ര ശതമാനം നാളിതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്; | (എ) | 2017-18 സാമ്പത്തിക വർഷം റീജിണൽ കാൻസർ സെന്ററിനായി പദ്ധതിയിനത്തിൽ 6600/- ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 5771.66 ലക്ഷം രൂപയുമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പദ്ധതിയേതരയിനത്തിൽ വക കൊള്ളിച്ചിരുന്ന 5771.66 ലക്ഷം രൂപ പൂർണ്ണമായും ചെലഴിച്ചിട്ടുണ്ട്.<br><br>എന്നാൽ പദ്ധതിയിനത്തിൽ അനുവദിച്ച തുകയായ 6600 ലക്ഷം രൂപയിൽ 5329 ലക്ഷം രൂപയും (80%) പുതുതായി നിർമ്മിക്കുന്ന 14-നില കെട്ടിടത്തിനു വേണ്ടിയുള്ളതാണ്. ടെണ്ടർ നടപടികളിലൂടെ നിയമിക്കപ്പെട്ട കൺസൾട്ടിംഗ് ഏജൻസി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ലൈസൻസ്/ പെർമിറ്റുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ കരാർ നടപടികളും, ലൈസൻസ് / പെർമിറ്റുകൾ ലഭ്യമാകുന്നതോടുകൂടി പുതിയ കെട്ടിടത്തിന്റെ നിർമ്മാണം യഥാസമയം പൂർത്തീകരിച്ച് രോഗികളുടെ ചികിത്സയ്ക്ക് വേണ്ടി പ്രവർത്തന സജ്ജമാക്കാൻ കഴിയുന്നതാണ്. ഈ സാഹചര്യത്തിൽ ടി പദ്ധതിയ്ക്കായി അനുവദിച്ച തുക ഈ വർഷം ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.<br><br>കേന്ദ്ര സർക്കാർ റീജിയണൽ കാൻസർ സെന്ററിനെ സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തുകയും വികസന പ്രവർത്തനങ്ങൾക്കായി 104 കോടിയുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേയ്ക്കായി സംസ്ഥാന സർക്കാർ വിഹിതമായ 1056 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഒന്നാം ഘട്ടത്തിൽ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കാനുള്ള കാലതാമസവും ആർ.സി.സി.യിലെ കെട്ടിടങ്ങൾ നവീകരിക്കുന്നതിൽ ഉണ്ടായ കാലതാമസമാണ് തുക പൂർണ്ണമായും |

| | | | |
|---|---|---|---|
| | | | ചെലവഴിക്കാൻ കഴിയാത്തതിനു കാരണം. പദ്ധതി പ്രകാരമുള്ള തുക ചെലവഴിക്കുന്നതിനുള്ള സത്വര നടപടികൾ ആർ.സി.സി. കൈകൊണ്ടിട്ടുണ്ട്. ഈ തുക ചെലവഴിച്ച് കഴിഞ്ഞാൽ കേന്ദ്ര വിഹിതം ലഭ്യമാക്കാൻ കഴിയുന്നതും ഇതിന് ആനുപാതികമായി സംസ്ഥാന സർക്കാർ അനുവദിച്ച തുക ചെലവഴിക്കാൻ കഴിയുന്നതാണ്.<br><br>മറ്റ് പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള 215 ലക്ഷം രൂപയിൽ 75 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം സർക്കാർ പദ്ധതിയിനത്തിലും പദ്ധതിയേതരയിനത്തിലും അനുവദിച്ച ആകെ തുകയിൽ 47% നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ആർ.സി.സി - യെ സംസ്ഥാന കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തുവാനുള്ള പദ്ധതി ഏതു ഘട്ടത്തിലാണ്; | (ബി) | ആർ.സി.സി.യെ 19/09/2014-ൽ സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ബഹു.മുൻ കേന്ദ്ര ആരോഗ്യ മന്ത്രി ഡോ.ഹർഷ വർധൻ പ്രഖ്യാപിക്കുകയുണ്ടായി. ഇത് സംബന്ധിച്ച് ആർ.സി.സി.യിൽ വച്ച് നടന്ന ചടങ്ങിൽ അന്നത്തെ മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പ് മന്ത്രിയും മറ്റ് ജനപ്രതിനിധികളും പങ്കെടുത്തിരുന്നു. ഇതിന്റെ ഭാഗമായി 104 കോടി രൂപയുടെ പദ്ധതി അനുവദിച്ചിരുന്നു. പദ്ധതിയുടെ ആദ്യ ഘട്ടത്തിലേക്കായി സംസ്ഥാന സർക്കാർ വിഹിതമായി 3131 ലക്ഷം രൂപയും കേന്ദ്ര സർക്കാർ വിഹിതമായി 4695.70 ലക്ഷം രൂപയും ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേയ്ക്കായി സംസ്ഥാന സർക്കാർ വിഹിതമായ 1056 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള തുക ചെലവഴിക്കുന്നതിനുള്ള സത്വര നടപടികൾ ആർ.സി.സി. സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ മെല്ലെപോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ മെല്ലെപോക്കിന് കാരണം വ്യക്തമാക്കുമോ? | (സി) | പദ്ധതി നടത്തിപ്പിൽ മെല്ലെപ്പോക്കുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ